# ബഹു.മുഖ്യമന്ത്രിയുടെ കോവിഡ് 19 അവലോകന യോഗത്തിന്റെ മിനിറ്റ്സ്

**2020 ജൂൺ 18 വൈകുന്നേരം 4.00 മണി**

കോൺഫറൻസ് ഹാൾ

യോഗത്തിൽ പങ്കെടുത്തവരുടെ പേര് അനുബന്ധം 1 ആയി ചേർക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി, ശ്രീമതി കെ.കെ.ശൈലജ ടീച്ചർ**

ഇന്ന് കേരളത്തിൽ 97 പേർക്ക് കൊവിഡ് 19 രോഗം സ്ഥിരീകരിച്ചു. പാലക്കാട് ജില്ലയിൽ നിന്നും 14 പേർക്കും, കൊല്ലം ജില്ലയിൽ നിന്നും 13 പേർക്കും ,പത്തനംതിട്ട, കോട്ടയം ജില്ലകളിൽ നിന്നും 11 പേർക്കു വീതവും, ആലപ്പുഴ ജില്ലകളിൽ നിന്നും 9 പേർക്കും ഇടുക്കി, എറണാകുളം, തൃശൂർ ജില്ലകളിൽ നിന്നും 6 പേർക്കു വീതവും, തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ നിന്നും 5 പേർക്കു വീതവും, മലപ്പുറം, കണ്ണൂർ ജില്ലകളിൽ നിന്നും 4 പേർക്കു വീതവും, കാസർഗോഡ് ജില്ലയിൽ നിന്നും 3 പേർക്കുമാണ് രോഗം സ്ഥിരീകരിച്ചത്. രോഗം സ്ഥിരീകരിച്ച കണ്ണൂർ ജില്ലയിൽ ചികിത്സയിലായിരുന്ന ഒരാൾ ഇന്ന് മരണമടഞ്ഞു. രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 89 പേരുടെ പരിശോധനാഫലം നെഗറ്റീവ് ആയിട്ടുണ്ട്. തൃശൂർ ജില്ലയിൽ നിന്നും 22 പേരുടെയും, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ നിന്നും 11 പേരുടെ വീതവും, ആലപ്പുഴ ജില്ലയിൽ നിന്നും 10 പേരുടെയും, തിരുവനന്തപുരം (കൊല്ലം സ്വദേശി1) ജില്ലയിൽ നിന്നും 9 പേരുടെയും , കൊല്ലം ജില്ലയിൽ നിന്നും 8 പേരുടെയും, എറണാകുളം, (കൊല്ലം സ്വദേശി1, ആലപ്പുഴ സ്വദേശി1) കണ്ണൂർ ജില്ലകളിൽ നിന്നും 4 പേരുടെ വീതവും, പത്തനംതിട്ട ജില്ലയിൽ നിന്നും 3 പേരുടെയും, കോട്ടയം, മലപ്പുറം, വയനാട് ജില്ലകളിൽ നിന്നും 2 പേരുടെ വീതവും, കോഴിക്കോട് ജില്ലയിൽ നിന്നും ഒരാളുടെയും പരിശോധനാഫലമാണ് നെഗറ്റീവ് ആയത്. നിലവിൽ 1358 പേർ രോഗം സ്ഥിരീകരിച്ച് ചികിത്സയിലാണ്.

**ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ഡോ. രാജൻ ഖോബ്രഗാഡെ ഐഎഎസ്**

കേരളത്തിൽ നിലവിൽ 2794 രോഗബാധ സ്ഥിരീകരിച്ചിട്ടുണ്ട്. ഇന്ന് 97 പേർക്ക് രോഗം സ്ഥിരീകരിച്ചു. രോഗം സ്ഥിരീകരിച്ച 1358 പേർ നിലവിൽ ചികിത്സയിലാണ് 1415 പേർക്ക് രോഗബാധ ഭേദമായി. 21 മരണങ്ങളും റിപ്പോർട്ട് ചെയ്തു . റിപ്പോർട്ട് ചെയ്ത കേസുകളിൽ 2387 കേസുകൾ (85 ശതമാനം കേസുകളും) ഇംപോർട്ടഡ് കേസുകളാണ്. 407 കേസുകളിൽ 15 ശതമാനം മാത്രമാണ് സമ്പർക്കത്തിലൂടെ രോഗം സ്ഥിരീകരിച്ചത്. കൂടാതെ ദുബായ്, കുവൈറ്റ്, അബുദാബി, എന്നിവിടങ്ങളിൽ നിന്നും വന്നവരിൽ ആണ് കൂടുതലും രോഗബാധ കണ്ടിട്ടുള്ളത്. മഹാരാഷ്ട്ര, തമിഴ്നാട്, ഡൽഹി എന്നിവിടങ്ങളിൽ നിന്നും വന്നവരിലാണ് കൂടുതൽ രോഗബാധ കാണുന്നത്. മരണമടഞ്ഞവരുടെ വിശകലനവും നടത്തി. കൂടാതെ ഐ സി എം ആർ എറണാകുളം, തൃശൂർ, പാലക്കാട് എന്നീ ജില്ലകളിൽ നടത്തിയ സീറോ സർവൈലൻസിന്റെ ഭാഗമായി 1193 സാമ്പിളുകൾ പരിശോധിച്ചതിൽ 4 എണ്ണം ഐ ജി ജി

പോസിറ്റീവ് ആയി എന്നും അദ്ദേഹം അറിയിച്ചു. കേരളത്തിലെ പരിശോധന കേന്ദ്രങ്ങളുടെ വിവരണവും നടത്തി. 24 മണിക്കൂറിൽ 4817 സാമ്പിളുകൾ ടെസ്റ്റ് ചെയ്തതിൽ 97 പോസിറ്റീവ് റിസൽട്ടുകൾ ആണ് ഉള്ളത്. പുതുതായി ഐ സി എം ആർ അംഗികാരം ലഭിച്ച പുതിയ ലാബുകളുടെ വിവരണവും നടത്തി

**ചീഫ് സെക്രട്ടറി, ഡോ. വിശ്വാസ് മേത്ത ഐ എ എസ്**

കേരളത്തിലേക്ക് ഇതുവരെ അറുപതിനായിരത്തോളം പ്രവാസികൾ എത്തിയിട്ടുണ്ട്. ഇതിൽ പ്രധാനമായും ഏഴ് ജില്ലകളിലേക്ക് ആണ് ആളുകൾ എത്തിയിട്ടുള്ളത്. കാസർഗോഡ്, മലപ്പുറം, കണ്ണൂർ, തൃശൂർ, എറണാകുളം, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലാണ് ആളുകൾ എത്തിയിട്ടുള്ളത്. ഇതുവരെ 323 ഫ്ളൈറ്റുകളാണ് എത്തിയിട്ടുള്ളത് 179 എണ്ണം വന്ദേഭാരത് 174 എണ്ണം പ്രൈവറ്റ് ഫ്ളൈറ്റുകളുമാണ്.

വന്നവരിൽ 48 ശതമാനത്തോളം ആളുകൾ തൊഴിൽ നഷ്ടമായിട്ടാണ് എത്തിയത്. മറ്റു രാജ്യങ്ങളിൽ നിന്ന് വന്നവരിൽ പോസിറ്റിവിറ്റി നോക്കുകയാണെങ്കിൽ 2.2 ശതമാനം കുവൈറ്റ്, സൗദി, ഒമാൻ എന്നിവിടങ്ങളിൽ നിന്നും വന്നിട്ടുള്ളവരാണ്. ജൂലൈയ് 30 വരെ നാനൂറോളം വിമാനങ്ങൾ എത്തുമെന്നാണ് അറിയിച്ചിട്ടുള്ളത്. ഏകദേശം ഒരു ലക്ഷത്തോളം ആളുകൾ വരുമെന്നുമാണ് കണക്കാക്കുന്നത്

95% അതിഥി തൊഴിലാളികൾ മറ്റ് സംസ്ഥാനങ്ങളിലേക്ക് പോയിട്ടുണ്ട്. അതിൽ കേരളത്തിലേക്ക് തിരിച്ചു വരണമെന്നുള്ള ആവശ്യവും വരുന്നുണ്ട്. റോഡ്, ട്രെയിൻ മാർഗ്ഗം വഴി 2.20 ലക്ഷം ആളുകളാണ് എത്തിയിട്ടുള്ളത് തമിഴ്നാട് കർണ്ണാടക, മഹാരാഷ്ട്ര എന്നിവിടങ്ങളിൽ നിന്നാണ് കൂടുതലായി എത്തിയിട്ടുള്ളത്. ഭക്ഷ്യധാന്യങ്ങളുടെ വില തൃപ്തികരമാണ്.

കേന്ദ്ര ആഭ്യന്തര സെക്രട്ടറി മറ്റ് സെക്രട്ടറിമാരുമായി നടത്തിയ യോഗത്തിൽ കൂടുതൽ ആളുകൾ വരുമ്പോൾ അതിനായുള്ള പ്ലാനുകൾ ഉണ്ടാക്കേണ്ട ആവശ്യത്തെക്കുറിച്ച് ചർച്ച ചെയ്തിരുന്നു. റിപ്പോർട്ട് ചെയ്ത കേസുകളിൽ പത്തു ശതമാനത്തിനു മുകളിൽ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത് പാലക്കാട് മലപ്പുറം കാസർഗോഡ് ജില്ലകളിൽ നിന്നാണ്. തൃശ്ശൂർ ജില്ലയിൽ നിന്നും 9% കേസ്സ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്

**വിദഗ്ദ്ധ സമിതി ചെയർപേഴ്സൺ, ഡോ. ബി. ഇക്ബാൽ**

കേരളത്തിൽ നിന്നും മറ്റു സംസ്ഥാനങ്ങളിലേക്ക് പോയവരെ രോഗബാധ സ്ഥിരീകരിച്ച സാഹചര്യത്തിൽ ആ സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട അവരുടെ കോണ്ടാക്ട് ട്രേസിംഗ് നടത്തേണ്ടത് ആവശ്യമാണ്. അതുപോലെതന്നെ കേരളത്തിലേക്ക് വന്ന പോസിറ്റീവ് ആകുന്നവരിൽ അവർ എവിടെ നിന്നാണ് വരുന്നത്, ആ സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ടവർക്കും വിശദാംശങ്ങൾ കൊടുക്കേണ്ടത് കോൺടാക്ട് ട്രെയ്സിംഗ് നടത്തേണ്ടത് വളരെ അത്യാവശ്യമാണ്.

ആരോഗ്യ വകുപ്പിൽ ഫീൽഡ് തൊഴിലാളികൾ ഇല്ലെങ്കിൽ ഇതിനായി താൽക്കാലിക നിയമനം നടത്താവുന്നതാണ്. അതിനെക്കുറിച്ച് ചിന്തിക്കേണ്ടതാണ്. നാഷണൽ ഹെൽത്ത് മിഷൻ വഴി ഇത് നടപ്പാക്കാൻ സാധിക്കുന്നതാണ്.

ആരോഗ്യപ്രവർത്തകരിൽതന്നെ രോഗബാധ സ്ഥിരീകരിക്കുന്നുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട ആശുപത്രികൾ തന്നെ അടയ്ക്കേണ്ട സാഹചര്യങ്ങൾ ഉണ്ടാകുന്നുണ്ട്. ജീവനക്കാരുടെ ജോലിസമയ ക്രമീകരണം നടത്തുകയാണെങ്കിൽ ഒരു ഗ്രൂപ്പ് ജോലി നോക്കുമ്പോൾ മറ്റു ഗ്രൂപ്പുകളിൽ ഉള്ളവർക്ക് അവധി നൽകാവുന്നതാണ്. അതിനാൽ ഹോസ്പിറ്റൽ ജീവനക്കാർക്ക് രോഗബാധ ഉണ്ടാകുകയാണെങ്കിൽ, ഇവരെ മാറ്റി നിർത്തി ബാക്കി ഉള്ളവരെ ഉപയോഗിച്ച് ആശുപത്രി പ്രവർത്തിപ്പിക്കാൻ സാധിക്കും.

സ്വകാര്യ ലാബുകളിൽ പരിശോധന ചാർജുകൾക്ക് നിയന്ത്രണം ഉണ്ടാകും എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പത്രസമ്മേളനത്തിൽ അറിയിച്ചിരുന്നു. വളരെ നല്ല ഒരു തീരുമാനമാണ് ഇത്. മഹാരാഷ്ട്രയിൽ ഇതുപോലെ ഒരു തീരുമാനം വന്നിരുന്നു. ചാര്ജ്ജ് നിയന്ത്രിക്കുന്നത് ഉടനെ തന്നെ ഉണ്ടാകണം എന്നുള്ളതാണ് അഭിപ്രായം

## <u>ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ഡോ. ഉഷാ ടൈറ്റസ് ഐ എ എസ്</u>

ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഹോസ്റ്റലുകളിൽ ക്വാറൻ്റെൻ സെൻ്റർ ആയി മാറ്റിയിരുന്നു. എന്നാൽ ഐ സി എം ആർ, കേരള യൂണിവേഴ്‌സിറ്റി എന്നിവ റിസർച്ച് വിദ്യാർത്ഥികൾക്കായി ഹോസ്റ്റൽ വിട്ടു നൽകുന്നതിനെക്കുറിച്ച് സംസാരിക്കുകയുണ്ടായി. ഇതിനെക്കുറിച്ച് ഒരു നിർദ്ദേശം നൽകേണ്ടതുണ്ട്. കൂടാതെ അസവാന വർഷപരീക്ഷ എഴുതുന്നവർക്ക് അവരുടെ പരീക്ഷ എട്ടു ദിവസമായി നിജപ്പെടുത്തിയിട്ടുണ്ട് അതുകൊണ്ടുതന്നെ പരീക്ഷ, ബിസിനസ് ആവശ്യങ്ങൾക്ക് വരുന്നവർക്ക് എട്ടു ദിവസത്തേക്ക് അനുമതി നൽകണം

## <u>വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ഡോ. കെ. ഇളങ്കോവൻ ഐ എ എസ്</u>

840 ഫ്ളൈറ്റുകൾക്കാണ് പെർമിഷൻ നൽകിയിട്ടുള്ളത്. 149 എണ്ണം വന്നു. ഏകദേശം 18 ശതമാനത്തോളമാണ് എത്തിയിട്ടുള്ളത്

## <u>അന്തർ സംസ്ഥാന യാത്രാ നോഡൽ ആഫീസർ, ശ്രീ. ബിശ്വനാഥ് സിൻഹ ഐ എ എസ്</u>

മറ്റ് സംസ്ഥാനങ്ങളിലേക്ക് ഏകദേശം 3.25 ലക്ഷം അതിഥി തൊഴിലാളികൾ പോയിക്കഴിഞ്ഞു. നാളെയാണ് അവസാനത്തെ ട്രെയിനുകൾ പോകുന്നത്, 3 ട്രെയിനുകൾ നാളെ പുറപ്പെടും. 5500 ഓളം പേർ ഇതിൽ അവരവരുടെ സംസ്ഥാനങ്ങളിലേക്ക് പോകും.

ക്യാമ്പുകളിൽ ഏകദേശം 4.27 ലക്ഷം ആളുകളാണ് ഉണ്ടായിരുന്നത്. ഇപ്പോഴും രണ്ട് ലക്ഷം പേർ ഇവിടെയുണ്ട്. അതിഥി തൊഴിലാളികളുടെ യാത്രയ്ക്കായി 6 കോടി രൂപയാണ് ചെലവായത് ഏകദേശം 212 രൂപ ഒരാൾക്ക് എന്ന നിലയിലാണ് ചെലവായിട്ടുള്ളത്. തിരിച്ച് കേരളത്തിലേക്ക് എത്തിയതിൽ 35000 ത്തോളം ആൾക്കാർക്ക് ജോലി നഷ്ടമായിട്ടുണ്ട്. ഇപ്പോൾ രജിസ്റ്റർ ചെയ്തതിൽ 1.5 ലക്ഷം

ആളുകൾക്ക് ജോലി നഷ്ടമായി. ഞാൻ നാട്ടിലേക്ക് തിരിച്ചു വരും എന്നാണ് അറിയിച്ചിട്ടുള്ളത്.

പരീക്ഷക്കായി വരുന്നവർക്ക് പ്രത്യേകം പാസ്സുകൾ നൽകുന്നതാണ് റെഗുലർ ഒരു വർഷത്തോളം വരെ കാലാവധി ഉള്ളതാണ്. എക്സാമിന് വരുന്നവർക്ക് 30 ദിവസത്തേക്ക് പാസ്സുകൾ നൽകാവുന്നതാണ്. പക്ഷേ ഇവർ പരീക്ഷയുടെ ദിവസങ്ങളിൽ മാത്രമെ പുറത്തിറങ്ങാവു എന്ന നിർദ്ദേശം നൽകേണ്ടതാണ്.

## തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി,

**ശ്രീമതി ശാരദാ മുരളീധരൻ ഐ എ എസ്**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കീഴിൽ ചെറിയ സ്ഥലങ്ങളിൽ ഇൻസ്റ്റിറ്റ്യൂഷൻ ക്വാരന്റീൻ നടക്കുന്നുണ്ട്. ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഒന്നോ രണ്ടോ ആളുകൾക്ക് വേണ്ടി മാത്രമാണ് ഇത് നടത്തുന്നത് ഇങ്ങനെയുള്ള ആളുകളെ ഒരുമിച്ച് അടുത്തുള്ള ഒരു പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് മാറ്റുന്നത് ഉചിതമായിരിക്കും.

.

**മേൽപ്പറഞ്ഞ വിഷയങ്ങളിൽ വിശദമായ ചർച്ചയ്ക്കു ശേഷം ബഹു. മുഖ്യമന്ത്രി അദ്ദേഹത്തിന്റെ തീരുമാനം യോഗത്തെ അറിയിച്ചു.**

1. കോവിഡ് നിയന്ത്രണ പ്രവർത്തന രംഗത്തുള്ളവർ രോഗം സ്ഥിരീകരിക്കപ്പെടുമ്പോൾ ഓഫീസുകൾ തന്നെ അടഞ്ഞു പോകുന്ന സാഹചര്യം ഉണ്ടാകുന്നുണ്ട്. ഇത് നാം മുൻകൂട്ടി കണ്ടിട്ടുള്ളതാണ്. ആശുപത്രികളിലും മറ്റും 50% ജീവനക്കാരെ വെച്ച് പ്രവർത്തിപ്പിക്കണം എന്ന് നാം നിർദ്ദേശിച്ചിരുന്നെങ്കിലും അത് പല കാരണങ്ങളാൽ നടപ്പിലാക്കാൻ പറ്റാതെ പോയി. ഈ സാഹചര്യം ഇനി ഉണ്ടാകുന്നത് ഒഴിവാക്കാൻ ഓഫീസുകളിൽ പകുതിപ്പേർ മാത്രം ഉണ്ടായാൽ മതി. മാത്രമല്ല കോവിഡ് പ്രവർത്തനങ്ങളിൽ ഇടപെട്ടുകൊണ്ടിരിക്കുന്നവർക്ക് വിശ്രമം ആവശ്യമാണ്. ഇതിനായി ഡ്യൂട്ടി അതാതു സ്ഥലങ്ങളിലെ സൗകര്യങ്ങൾ അനുസരിച്ച് ക്രമീകരണം നടത്തുന്നത് ബന്ധപ്പെട്ട വകുപ്പുകൾ പരിശോധിക്കേണ്ടതാണ് **(ചുമതല - ബന്ധപ്പെട്ട വകുപ്പുകൾ)**
2. പ്രതീക്ഷിക്കാത്ത ചില സ്ഥലങ്ങളിൽ ചില മേഖലകളിൽ രോഗവ്യാപനം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ഗൗരവമായി കാണണം. **(ചുമതല - ബന്ധപ്പെട്ട വകുപ്പുകൾ)**
3. താൽക്കാലിക നിയമനം നടത്തുന്നതിനോടൊപ്പം തന്നെ നാം ചിന്തിക്കേണ്ട മറ്റൊരു വിഭാഗമാണ് സന്നദ്ധസേന പ്രവർത്തകർ. ഇവർ സ്വന്തം ചെലവിലാണ് ഇത്രയും നാൾ നമുക്ക് വേണ്ടി പ്രവർത്തിച്ചത്. അവർക്ക് ഒരു അനുമോദന കത്ത് പോലും നൽകാൻ നമുക്ക് ഇതുവരെ ആയില്ല. ഈ കാരണങ്ങളാൽ തന്നെ ചിലർ ഈ മേഖലയിൽ നിന്നും പിൻവാങ്ങുന്നതായി ശ്രദ്ധയിൽപ്പെടുന്നു. ഇവർക്ക് വേണ്ടത്ര പ്രോത്സാഹനം നൽകുന്ന രീതിയിൽ നമുക്ക് കാര്യങ്ങൾ ചെയ്യാൻ ആകണം. **(ചുമതല - പൊതുഭരണ വകുപ്പ്, ജില്ലാ കളക്ടർമാർ)**
4. സന്നദ്ധസേന പ്രവർത്തകരെ പോലീസുകാരുടെയും ആരോഗ്യ പ്രവർത്തകരുടേയും കൂടെ നിയോഗിക്കുന്നത് നാം നേരത്തെ കണ്ടിരുന്നുതാണ്. ഇത് പ്രാവർത്തികമാക്കാൻ ശ്രമിക്കണം. **(ചുമതല - തദ്ദേശസ്വയംഭരണ വകുപ്പ്, ആരോഗ്യ കുടുംബക്ഷേമ , ആഭ്യന്തര വകുപ്പ്)**

5. സ്വകാര്യ ലാബുകളുടെ പരിശോധന ചാർജ്ജ് നിരക്ക് സംബന്ധിച്ച് അവരുമായി കൂടി ചർച്ച നടത്തി തീരുമാനം എടുക്കേണ്ടതാണ്. **(ചുമതല - ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ്)**
6. ചാർട്ടേഡ് ഫ്‌ളൈറ്റുകൾ കേരളത്തിലേക്ക് വരുന്നത് സംബന്ധിച്ച് നാം മുൻപ് പറഞ്ഞിട്ടുള്ള നിബന്ധനകൾ തുടരാവുന്നതാണ്. കേരളത്തിലേക്ക് കൊണ്ടു വരുന്നവരെ പരിശോധന നടത്തി മാത്രം കൊണ്ടുവരേണ്ടതാണ്. **(ചുമതല - പൊതു ഭരണ വകുപ്പ്, നോർക്ക )**
7. തിരികെ പോയ അതിഥി തൊഴിലാളികൾ കേരളത്തിലേക്ക് മടങ്ങി വരുന്നുണ്ടെങ്കിൽ അവർ നിശ്ചയമായും 14 ദിവസം ക്വാറന്റീനിൽ കഴിയേണ്ടതാണ്. എന്നാൽ ക്വാറന്റീനിൽ വയ്ക്കുന്നതിനു വേണ്ട ചെലവുകളും മറ്റും അവരെ കൊണ്ടുവരുന്നവർ തന്നെ വഹിക്കേണ്ടതാണ്. അതിനുവേണ്ട സൗകര്യങ്ങളും അവർ ഒരുക്കേണ്ടതാണ്. **(ചുമതല - തദ്ദേശസ്വയംഭരണ വകുപ്പ്, ജില്ലാ കളക്ടർമാർ)**
8. വ്യാപന സാധ്യത ഉണ്ടാകാതിരിക്കാൻ നാം കുറച്ചുകൂടി മേഖലകളിൽ കാര്യക്ഷമമായി ഇടപെടേണ്ടതാണ്. തൊഴിൽരഹിതരായ ആരോഗ്യ പ്രവർത്തകരുടെ പട്ടിക തയ്യാറാക്കി ആവശ്യമുള്ള സമയത്ത് ആവശ്യമുള്ള സ്ഥലത്ത് ന്യായമായ വേതനം നൽകി നിയോഗിക്കുന്നത് പരിശോധിക്കേണ്ടതാണ്. **(ചുമതല - ആരോഗ്യ കുടുംബക്ഷേമ വകുപ്പ്)**
9. സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളവരെയും ഉൾപ്പെടുത്തുന്നത് നമുക്ക് പരിഗണിക്കാവുന്നതാണ്. ഇതോടൊപ്പം വിവിധ വകുപ്പുകളിലും, യൂണിവേഴ്സിറ്റികളിലും സ്വതന്ത്ര സംവിധാനങ്ങളിലും ഉള്ള 40 - 45 വയസ്സിൽ താഴെയുള്ള ഏകദേശം പതിനായിരത്തോളം പേർക്ക് പരിശീലനം നൽകി പട്ടിക തയ്യാറാക്കി നിർത്തുന്നത് നാം ഗൗരവമായി ആലോചിക്കണം. ഇവരെ ആവശ്യം വന്നാൽ മാത്രം രോഗപ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ചാൽ മതിയാകും. **(ചുമതല - പൊതുഭരണ വകുപ്പ്, ജില്ലാ കളക്ടർമാർ)**
10. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇരുപത്തൊന്നായിരത്തോളം സന്നദ്ധ സേന പ്രവർത്തകർ പലവിധ ജോലികളിലായി ഏർപ്പെട്ടിട്ടുണ്ട് എന്ന വിവരം തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി ശ്രീമതി ശാരദാ മുരളീധരൻ യോഗത്തെ അറിയിച്ചു. ഇവർക്ക് കൃത്യമായ പരിശീലനം കൂടി ആരോഗ്യവകുപ്പിന്റെ സഹായ ത്തോടെ നടത്തേണ്ടതാണ് എന്നും അവർ പറഞ്ഞു. ഇത് കൂടാതെയുള്ള ആൾക്കാരെയാണ് ഇപ്പോൾ ഉദ്ദേശിച്ചത് എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമാക്കി. **(ചുമതല - തദ്ദേശസ്വയംഭരണ, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്)**
11. പൊതുജനങ്ങളുടെ ഇടയിൽ രോഗത്തെ സംബന്ധിച്ച ഗൗരവം കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാസ്കുകളുടെ ഉപയോഗവും സാനിറ്റൈസറും, സാമൂഹിക അകലം പാലിക്കലും കൃത്യമായി നടക്കുന്നില്ല എന്ന് വ്യാപകമായി കാണുന്നു. ഇത് നാം ഗൗരവമായി ശ്രദ്ധിക്കേണ്ടതാണ്. **(ചുമതല - ബന്ധപ്പെട്ട വകുപ്പുകൾ, ജില്ലാ കളക്ടർമാർ)**
12. ആശുപത്രികളിലെ ഒ.പി ടിക്കറ്റ് നിരക്ക് വർദ്ധിക്കുന്നു എന്ന രീതിയിൽ തെറ്റിദ്ധാരണ പരത്തുന്ന സന്ദേശങ്ങൾ പ്രചരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. **(ചുമതല - ആരോഗ്യ കുടുംബക്ഷേമ വകുപ്പ്)**
13. കഴിഞ്ഞ പ്രധാനമന്ത്രിയുടെ അവലോകന യോഗത്തിൽ കേന്ദ്രമന്ത്രിമാരും മറ്റു ഉന്നത ഉദ്യോഗസ്ഥരും അവരുടെ ഓഫീസുകളിൽ ഇരുന്നാണ് യോഗത്തിൽ പങ്കെടുത്തത്. ഇത് സംബന്ധിച്ച് നമ്മുടെ അവലോകന യോഗങ്ങളും വീഡിയോ കോൺഫറൻസ് വഴി നടത്തുന്നത് നാം ആലോചിക്കേണ്ടതാണ്. തമിഴ്നാട്ടിലും മറ്റും മുഖ്യമന്ത്രിയുടെ ഓഫീസിലെ ഉദ്യോഗസ്ഥർക്ക് വരെ രോഗബാധ ഉണ്ടായ കാര്യം നാം ഓർമ്മിക്കണം. ഇപ്പോൾതന്നെ ആരോഗ്യവകുപ്പ് അവലോകന യോഗങ്ങൾ എല്ലാം ഓൺലൈനായി

ആണ് നടത്തുന്നത് എന്ന് ആരോഗ്യമന്ത്രി യോഗത്തെ അറിയിച്ചു. ചീഫ് സെക്രട്ടറി ഇത് പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിപറഞ്ഞു. **(ചുമതല - പൊതുഭരണ വകുപ്പ്)**

14. ഇന്ത്യയിലാകെ തന്നെ ഇത്തരത്തിലുള്ള വീഡിയോ കോൺഫറൻസുകൾ നടത്തുന്നതിനായി കേന്ദ്ര സർക്കാർ ടെൻഡർ ക്ഷണിച്ചിട്ടുണ്ട് എന്നും 25 കമ്പനികൾ ഓളം ഇതിനായി അപേക്ഷ നൽകിയിട്ടുണ്ടെന്നും അതിൽ ഒരെണ്ണം കേരളത്തിൽ നിന്നാണെന്നും ഇവരുമായി ബന്ധപ്പെടുന്നുണ്ടെന്നും ഐടി വകുപ്പ് സെക്രട്ടറി യോഗത്തെ അറിയിച്ചു. കേന്ദ്രത്തിലെ തീരുമാനം വരുന്നതിനനുസരിച്ച് നമുക്ക് ഇത് തിരഞ്ഞെടുക്കാവുന്നതാണ് എന്ന് അദ്ദേഹം പറഞ്ഞു **(ചുമതല - ഐ ടി, പൊതുഭ രണ വകുപ്പ്)**
15. അംഗൻവാടികളും മറ്റും വൈദ്യുതി ബില്ലിനും മറ്റ് ചെലവുകൾക്കുമായി പണം നൽകാൻ ഇല്ലാത്തതിനാൽ അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നു എന്ന വാർത്തയുണ്ട്. ഇത് സംഭവിക്കരുത്. ഇത് പരിശോധിക്കണം. **(ചുമതല - ഊർജ്ജ വകുപ്പ്, സാമൂ ഹിക നീതി വകുപ്പ് )**
16. സർക്കാർ ഓഫീസുകളിൽ തടസ്സങ്ങൾ ഉണ്ടാകാതിരിക്കാൻ നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. **(ചുമതല - പൊതുഭരണ വകുപ്പ്)**
17. ആരോഗ്യ വകുപ്പ് ജീവനക്കാരുടെ ആശുപത്രിയിലെ ഡ്യൂട്ടി സമയം സംബന്ധിച്ച് പല ജില്ലകളിലും പല രീതിയാണ് അനുവർത്തിക്കുന്നത് എന്ന് കാണുന്നു. ഇത് പരിഷ്കരിച്ച്, ഏകീകരിച്ച് ഒരേ രീതിയിൽ നടപ്പിലാക്കേണ്ടതാണ്. മാത്രമല്ല ഡ്യൂട്ടികൾക്കായി ആളുകളെ നിയോഗിക്കുമ്പോൾ അതാത് ജില്ലയിൽ നിന്ന് തന്നെയുള്ള ആൾക്കാരെ പരിശീലിപ്പിച്ച് നിയോഗിക്കുന്ന രീതി കൊണ്ടുവരേണ്ടതാണ്. **(ചുമതല - ആരോഗ്യ കുടുംബക്ഷേമ വകുപ്പ്)**
18. ആരോഗ്യ പ്രവർത്തകർക്ക് എടുക്കേണ്ട അവധി നൽകുകയും ജോലി എടുത്തതിനുശേഷം ക്വാറന്റീനിൽ ഇരിക്കുന്ന കാലഘട്ടത്തിൽ കുടുംബത്തിൽ പോകുന്നത് ഒഴിവാക്കുകയും വേണം. ആരോഗ്യ പ്രവർത്തകർക്ക് കോവിഡ് പരിശോധന നടത്തുന്നത് സംബന്ധിച്ച് പ്രത്യേക പരിഗണന നൽകേണ്ടതാണ്. ആരോഗ്യ പ്രവർത്തകരിൽ കൂടുതൽ രോഗം സ്ഥിരീകരിക്കുന്ന സാഹചര്യമാണ് നില വിൽ ഉള്ളത്. **(ചുമതല - ആരോഗ്യ കുടുംബക്ഷേമ വകുപ്പ്)**
19. തൃശ്ശൂർ ജില്ലയിലെ സ്ഥിതിഗതികൾ സാധാരണനിലയിലേക്ക് എത്തിയിട്ടുണ്ടോ എന്ന് മുഖ്യമന്ത്രി ആരാഞ്ഞു. തൃശ്ശൂർ ജില്ലയിലെ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നത് കുറവാണെന്നും ഹോട്ട്സ്പോട്ട് ആയി പ്രസിദ്ധീകരിച്ചിട്ടുള്ള 13 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എട്ടെണ്ണം റെഡ് ഹോട്ട്സ്പോട്ട് ആണെന്നും അഞ്ചെണ്ണം 50 ശതമാനത്തിൽ താഴെ തീവ്രതയുള്ളവയാണെന്നും റവന്യൂ സെക്രട്ടറി മറുപടി പറഞ്ഞു **(ചുമതല -റവന്യൂ വകുപ്പ്, ജില്ലാ കളക്ടർ തൃശ്ശൂർ)**
20. നിലവിൽ രോഗബാധ സ്ഥിരീകരിക്കുന്ന വീടുകളെയും അതിനു ചുറ്റുമുള്ള കുറച്ചു വീടുകളെയും ഉൾപ്പെടുത്തി മിനി കണ്ടൈൻമെന്റ് സോൺ അല്ലെങ്കിൽ ക്ലസ്റ്ററുകൾ എന്ന രീതിയിൽ കണ്ടെയ്ൻമെന്റ് സോണുകളെ ക്രമീകരിക്കാവുന്നതാണ്. **(ചുമതല - റവന്യൂ വകുപ്പ്, എസ്സ് ഡി എം എ)**
21. വീടുകളിൽ നിരീക്ഷണത്തിൽ ഇരിക്കേണ്ടവർക്ക് നൽകുന്ന നിർദ്ദേശങ്ങൾ സംബന്ധിച്ച് പലതരത്തിലുള്ള ആശയങ്ങളാണ് പ്രചരിക്കുന്നത്. വീടുകളിൽ ക്വാറന്റീനിൽ ഇരിക്കുന്നവർ റൂം ക്വാറന്റീൻ എന്നാണ് നാം നിർദേശിച്ചിട്ടുള്ളത്. ഇതിനർത്ഥം വീട്ടിലുള്ള മറ്റുള്ളവർ പുറത്തിറങ്ങാൻ പാടില്ല എന്നല്ല **(ചുമതല -തദ്ദേ ശസ്വയംഭരണ, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്)**
22. ഭക്ഷ്യധാന്യങ്ങളുടെ ശേഖരണം നല്ല നിലയിലാണ് എന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ആന്ധ്രപ്രദേശിൽ ഇപ്പോൾ കൊയ്ത്തുകാലം ആണ്. ആയതിനാൽ സിവിൽ

സപ്ലൈസ് വകുപ്പിന് അവിടെനിന്ന് ധാന്യം വാങ്ങാൻ സാധിക്കുമോ എന്ന കാര്യം പരിശോധിക്കേണ്ടതാണ് **(ചുമതല – ഭക്ഷ്യ- സിവിൽ സപ്ലൈസ് വകുപ്പ്)**

23. മഹാരാഷ്ട്ര, തമിഴ്നാട് എന്നിവിടങ്ങളിൽ രോഗവ്യാപനം വർദ്ധിക്കുന്നതിനാൽ ചരക്ക് ഗതാഗതത്തെ ബാധിക്കാൻ സാധ്യതയുണ്ട്. ഇത് പരിഗണിച്ച് വേണ്ട കാര്യങ്ങൾ ഇപ്പോഴേ ചെയ്യേണ്ടതാണ്. **(ചുമതല – പൊതുഭരണ വകുപ്പ്)**
24. രോഗബാധ സ്ഥിരീകരിച്ച കണ്ണൂർ ജില്ലയിൽ മരണപ്പെട്ട വ്യക്തിക്ക് രോഗബാധയുടെ ഉറവിടം സംബന്ധിച്ച കാര്യത്തിൽ വ്യക്തത ഉണ്ടാക്കാൻ ഇനിയുമായിട്ടില്ല. ഇതുസംബന്ധിച്ച് ജനങ്ങളുടെയിടയിൽ ആശങ്കകളുണ്ട്. ആയതിനാൽ ഇത് വ്യക്തമായി പരിശോധിക്കേണ്ടതാണ്. **(ചുമതല – ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, ജില്ലാ കളക്ടർ കണ്ണൂർ)**
25. 108 ആംബുലൻസുകൾ പണിമുടക്കുന്നത് ആയി വീണ്ടും വാർത്തയുണ്ട്. ഇത് പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. **(ചുമതല – കെ എം സ് സി എൽ)**
26. കോഴിക്കോട് ജില്ലയിൽ ചില മദ്യശാലകളിൽ പ്രാദേശിക നിർമ്മിത വ്യാജമദ്യവും മറ്റും വിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനെതിരെ കർശനമായ നടപടി സ്വീകരിക്കേണ്ടതാണ്. **(ചുമതല – എക്സൈസ് വകുപ്പ്)**
27. കുട്ടികളുടെ ഇടയിൽ ആത്മഹത്യ പ്രവണത വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് മരിക്കാനിടയായ സാഹചര്യം. എന്നിവ പോലീസുകാരുടെയും മറ്റ് മന:ശാസ്ത്ര വിദഗ്ധരുടെയും സഹായത്തോടെ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. പോലീസുകാരുടെ ഇടയിൽ ഇതിനായി ഒരു ഗ്രൂപ്പ് പ്രവർത്തിക്കുന്നുണ്ട് എന്ന് ഡി ജി പി അറിയിച്ചു. സാമൂഹ്യനീതി വകുപ്പിനെയും ആരോഗ്യ വകുപ്പിനെയും പോലീസിനെയും സംയോജിപ്പിച്ചുകൊണ്ട് ഇതിനെതിരായ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതെന്ന് ആരോഗ്യ മന്ത്രി പറഞ്ഞു **(ചുമതല – ആരോഗ്യ, മെഡിക്കൽ വിദ്യാഭ്യാസ, സാമൂഹ്യ സുരക്ഷ, ആഭ്യന്തര വകുപ്പ്)**
28. മാർക്കറ്റുകളിൽ രോഗവ്യാപനം സാധ്യത കാണുന്നുണ്ടെങ്കിൽ അവിടെ ഒരു പൂൾ ടെസ്റ്റ് നടത്തുന്നത് പരിശോധിക്കേണ്ടതാണ്. ഇത് ആത്മവിശ്വാസം വർദ്ധിപ്പിക്കാൻ സഹായിക്കും. **(ചുമതല – ആരോഗ്യ കുടുംബക്ഷേമ വകുപ്പ്)**
29. ആത്മഹത്യയുടെ വിവരങ്ങൾ പത്രങ്ങളിലും മറ്റു മാധ്യമങ്ങളിലും റിപ്പോർട്ട് ചെയ്യുമ്പോൾ കൂടുതൽ പ്രവണത ഉണ്ടാകാത്ത തരത്തിൽ റിപ്പോർട്ട് ചെയ്യാനായി മനോരോഗ വിദഗ്ധരുടെയും, മറ്റ് മീഡിയ അംഗങ്ങളുടെയും ഒരു യോഗം സംഘടിപ്പിക്കാം എന്ന് അഭിപ്രായം ആരോഗ്യ സെക്രട്ടറി പറഞ്ഞു. **(ചുമതല – ആരോഗ്യ കുടുംബക്ഷേമ വകുപ്പ്)**
30. മറ്റു സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് എത്തുന്നവർക്ക് ജാഗ്രത പോർട്ടലിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് അവർക്ക് വീടുകളിലും മറ്റും ക്വാറന്റീനിൽ ഇരിക്കാനുള്ള സൗകര്യം ഉണ്ടോ എന്ന് നമുക്ക് എളുപ്പത്തിൽ പരിശോധിക്കാൻ സാധിക്കുന്നുണ്ട്. എന്നാൽ വിമാനത്തിൽ വരുന്നവർ ഇത് ചെയ്യുന്നില്ല. ആയതിനാൽ കേരളത്തിലേക്ക് വിമാനങ്ങളിൽ തിരിച്ചെത്തുന്നവർ കോവിഡ് ജാഗ്രത പോർട്ടലിൽ നിർബന്ധമായും രജിസ്റ്റർ ചെയ്തിരിക്കണം എന്ന നിബന്ധന നമുക്ക് വയ്ക്കാവുന്നതാണ്. **(ചുമതല – പൊതുഭരണ വകുപ്പ്, നോർക്ക)**

സെക്രട്ടറിമാരുടെയും മറ്റും ഒരു യോഗം തിങ്കളാഴ്ച നടത്താവുന്നതാണ് എന്ന് മുഖ്യമന്ത്രി അറിയിച്ചു.

യോഗം 5.20 ന് അവസാനിച്ചു.

20.6.2020 19/6/2020 20/6/20

<u>**അനുബന്ധം 1**</u>

അദ്ധ്യക്ഷൻ: ബഹു. മുഖ്യമന്ത്രി

പങ്കെടുത്തവർ:

1. ബഹു. ആരോഗ്യ സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി
2. ചീഫ് സെക്രട്ടറി
3. അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
4. സ്റ്റേറ്റ് പോലീസ് ചീഫ്
5. അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
6. അഡീഷണൽ ചീഫ് സെക്രട്ടറി കാർഷിക വികസനം
7. അഡീഷണൽ ചീഫ് സെക്രട്ടറി റവന്യൂ വകുപ്പ്
8. ഡയറക്ടർ ജനറൽ ഫയർ ആന്റ് റസ്ക്യൂ
9. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
10. പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസം
11. പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗതം വകുപ്പ്
12. പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്
13. പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
14. അഡീഷണൽ ഡി ജി പി ഇന്റലിജൻസ്
15. സെക്രട്ടറി, ധനകാര്യം
16. സെക്രട്ടറി, ഊർജ്ജ വകുപ്പ് & പൊതുമരാമത്ത് വകുപ്പ്
17. സെക്രട്ടറി, ഭക്ഷ്യ പൊതുവിതരണ വകുപ്പ്
18. സെക്രട്ടറി, വ്യവസായ വകുപ്പ്
19. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ദേശീയ ആരോഗ്യ മിഷൻ
20. മുഖ്യമന്ത്രിയുടെ സെക്രട്ടറി
21. ചെയർ പേഴ്സൺ, എക്സ്പെർട്ട് കമ്മിറ്റി
22. ഡി ജി ഇ, തിരുവനന്തപുരം
23. മെമ്പർ സെക്രട്ടറി, ദുരന്ത നിവാരണ അതോറിറ്റി
24. മറ്റുള്ളവർ